കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം -ജീവനക്കാര്യം- OP(KAT) 38/2021 നമ്പർ കേസിലെ ബഹു.കേരളാ ഹൈക്കോടതിയുടെ 26.03.2021-ലെ ഉത്തരവിൽ പ്രതിപാദിക്കുന്ന നടപടിക്രമം ഒരു പൊതു നടപടിക്രമമായി കണക്കിലെടുത്തുകൊണ്ട് 11/05/2017-ലെ സ.ഉ (സാധാ) നം.1541/2017/തസ്വഭവ ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇ.ആർ.ബി) വകുപ്പ്**

സ.ഉ.(സാധാ)നം. 1441/2022/തസ്വഭവ | തീയതി, തിരുവനന്തപുരം, 14.06.2022

പരാമർശം :
1) 30/06/1977-ലെ ജി.ഒ (പി) നം.88/77/ഡിഡി.
2) ഒ.എ.1919/16 നമ്പർ കേസിലെ 17/08/2016 ലെ അന്തിമ ഉത്തരവ്.
3) സ.ഉ (സാധാ) നം.1541/2017/തസ്വഭവ തീയതി 11.05.2017-ലെ ഉത്തരവ്.
4) ശ്രീ.കെ.സുനിൽകുമാർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ (ഇകെഎം) 233/2015 നമ്പർ കേസിന്റെ 04/07/2017-ലെ ഉത്തരവ്.
5) ശ്രീമതി.എം.എ.ജാൻസി ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ 548/2017 നമ്പർ കേസിന്റെ 20/11/2019-ലെ ഉത്തരവ്.
6) ശ്രീ.ഗണേശൻ.കെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ (ഇകെഎം) 1215/2018 നമ്പർ കേസിന്റെ 24/01/2020-ലെ ഉത്തരവ്.
7) സ.ഉ (സാധാ) നം.1892/2020/തസ്വഭവ തീയതി 13/10/2020-ലെ ഉത്തരവ്.
8) ശ്രീ.വിവേക് ഭാസ്കരൻ, കുമാരി.ലത.എം.വി എന്നിവർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ (ഇകെഎം) 348/2020 നമ്പർ കേസിന്റെ 26/02/2020-ലെ ഉത്തരവ്.
9) ശ്രീ.കെ.ആർ.വിജയൻ ആചാരി ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ 473/2018 നമ്പർ കേസിന്റെ 27/05/2020-ലെ അന്തിമ ഉത്തരവ്.
10) സ.ഉ (സാധാ) നം.500/2021/തസ്വഭവ തീയതി 19/02/2021-ലെ ഉത്തരവ്.
11) SLP (c) No.6357/6360 (Diary No.D.No.6547/2020) നമ്പർ കേസിൽ ബഹു.സുപ്രീംകോടതി പുറപ്പെടുവിച്ച 05/06/2020-ലെ ഉത്തരവ്.
12) സ.ഉ (സാധാ) നം.1414/2020/തസ്വഭവ തീയതി 28/07/2020-ലെ ഉത്തരവ്
13) ഗ്രാമവികസനകമ്മീഷണറുടെ 25/01/2021-ലെ 12438/എസ്റ്റാ.ബി2/20/സിആർഡി നമ്പർ കത്ത്.
14) OP(KAT) 38/2021 നമ്പർ കേസിന്റെ 26/03/2021-ലെ ഉത്തരവ്.

<u>ഉത്തരവ്</u>

30/06/1977-ന ശേഷം ജോലിയിൽ പ്രവേശിച്ച വി.ഇ.ഒ -മാരുടെ പ്രീസർവ്വീസ് പരിശീലനകാലം പ്രൊബേഷന് കണക്കാക്കുകയില്ല എന്ന് പരാമർശം (1) ലെ ഉത്തരവിൽ

വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി വ്യവസ്ഥകൾക്ക വിരുദ്ധമായി പ്രീസർവ്വീസ് പരിശീലന കാലം കൂടി കണക്കാക്കി പെൻഷൻ ആനുകൂല്യങ്ങൾ കൈപ്പറ്റിയവരിൽ നിന്നും അധികമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കുവാൻ ഗ്രാമവികസന കമ്മീഷണർക്ക് നിർദേശം നൽകി കൊണ്ടും അപ്രകാരം ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (2) ലെ ഉത്തരവ് നടപ്പാക്കികൊണ്ടും പരാമർശം (3) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ടി ഉത്തരവിനെതിരായി സർക്കാരിനെ എതിർകക്ഷിയാക്കി നിരവധി കേസുകൾ നിലവിലുണ്ട്. ചില കേസുകളിൽ പരാതിക്കാർക്ക് അനുകൂലമായി ബഹു.കോടതി ഉത്തരവ് പുറപ്പെടുവിച്ച സാഹചര്യത്തിൽ പ്രസ്തുത ഉത്തരവുകൾ നടപ്പാക്കി പരാമർശം (7) (10) (12) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സമാന ആവശ്യം ഉന്നയിച്ച് നിരവധി പരാതികളും സർക്കാരിൽ ലഭ്യമായിട്ടുണ്ട്.

ശ്രീമതി.നളിനിയും മറ്റുള്ളവരും ചേർന്ന് ഫയൽ ചെയ്ത OA 674/2019 -ന്മേലുള്ള 29/10/2019 ലെ വിധിയ്ക്കെതിരെ സർക്കാർ ഫയൽ ചെയ്ത OP(KAT 38/2021) നമ്പർ കേസിന്റെ പരാമർശം (14) ലെ ഉത്തരവിൽ പ്രസ്തുത കേസിലെ എതിർകക്ഷികളിൽ നിന്നും അധിക തുക ഈടാക്കാമെന്ന് ഉത്തരവായിട്ടുണ്ട് . ടി ഉത്തരവ് താഴെപറയും പ്രകാരമാണ്.

"In the instant case, we are told that the 1st applicant has already retired from service on 28.02.2020 and the 2nd and 3rd applicants are due to retire from the service on 30.04.2023 and 31.05.2022. Accordingly, it is ordered that the competent authority among the petitioners may immediately issue separate show cause notice to each of the applicants and stating therein the details of the mistakes in the increments, pay fixations, time bound grade promotion etc. given to the respective applicants on the basis of the wrong reckoning of the above said pre service training period and may thereafter fix the last pay of the first applicant on that basis so also the pay of the 2nd and 3rd applications may also be refixed. But before that show cause notice, all requisite details should be given to each of the applicants and the applicants should be given a reasonable opportunity of being heard and that the versions of the applicant as to the correctness or otherwise of such proposed revised pay may also be taken into account and proper decision in that regard may be taken. Thereafter, the petitioners herein will be at liberty to effect recovery of the excess gratuity amount paid to the first applicant who have already retired on 28.02.2020 and recovery of the monthly Pension paid to the 1st applicant may be effected for the period from 1.1.2021 onwards. In other words, the recovery of the pay and allowances and the monthly pension for the past period prior to 1.1.2021 may not be recovered from the first applicant. So also similar action may also be finalised in the case of 2nd and 3rd applicants by ordering the recovery of pay and allowances from 1.1.2021 onwards and not for periods prior to that. Necessary orders may be passed for effectuating reduction of pay of the 2nd and 3rd applicants for the period prospectively from 1.1.2021 onwards. The directions and orders of the Tribunal at Ext.P3 will stand modified as above."

പ്രീസർവ്വീസ് പരിശീലന കാലം കണക്കാക്കി ആനുകൂല്യം കൈപ്പറ്റിയവരിൽ നിലവിൽ സർവീസിൽ തുടരുന്നവർ ,വിരമിച്ചവർ, പ്രസ്തുത ആനുകൂല്യം അനുവദിക്കുന്ന പക്ഷം നല്കേണ്ടതോ ഒഴിവാക്കേണ്ടതോ ആയ തുക എന്നിവ സംബന്ധിച്ച് പരാമർശം (13) പ്രകാരം ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

സമീപകാലത്തുണ്ടായ വിവിധ കോടതി ഉത്തരവുകളുടെയും, സർക്കാരിൽ ലഭ്യമായ അപേക്ഷകളുടെയും അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച ആയതിന്റെ അടിസ്ഥാനത്തിൽ, പരാമർശം (3) ലെ ഉത്തരവ് ഭേദഗതി ചെയ്തുകൊണ്ടും പരാമർശം (1) ലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രീ-സർവ്വീസ് പരിശീലനകാലം കൂടി

കണക്കാക്കി ശമ്പളം/പെൻഷൻ ആനുകൂല്യങ്ങൾ കൈപ്പറ്റിയവരിൽ നിന്നും അധികമായി കൈപ്പറ്റിയ തുക തിരിച്ച് പിടിക്കുന്നത് സംബന്ധിച്ച് OP (KAT) 38/2021 നമ്പർ കേസിലെ ബഹു.കേരള ഹൈക്കോടതിയുടെ പരാമർശം (14) ലെ ഉത്തരവിൽ പ്രതിപാദിക്കുന്ന നടപടിക്രമം ഒരു പൊതു നടപടിക്രമമായി കണക്കിലെടുത്തുകൊണ്ടും താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

1. നിലവിൽ സേവനത്തിൽ തുടരുന്ന ജീവനക്കാരുടെ പരിശീലനകാലം ഒഴിവാക്കി ശമ്പളം പുനർനിർണ്ണയിക്കേണ്ടതും, 01.01.2021 മുതൽ പുതുക്കിയ ശമ്പളം നൽകേണ്ടതുമാണ്. 01.01.2021-ന് ശേഷം നല്കിയ അധിക തുക, തിരികെ അടവാക്കിയ തുകയിൽ നിന്നും കിഴിച്ച്, ഗഡുക്കളായി തിരികെ പിടിക്കേണ്ടതാണ് .

2. സേവനത്തിൽ നിന്നും വിരമിച്ച ജീവനക്കാരുടെ പരിശീലനകാലം ഒഴിവാക്കി ശമ്പളം/പെൻഷൻ എന്നിവ പുനർനിർണയിക്കേണ്ടതും 01/01/2021 മുതൽ പുതുക്കിയ ശമ്പളം/ പെൻഷൻ എന്നിവ നൽകേണ്ടതുമാണ്. 01.01.2021-ന് ശേഷം അധികമായി നൽകിയ ശമ്പളം/പെൻഷൻ എന്നിവ ഗഡുക്കളായി തിരികെ പിടിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

1) ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2) അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം
3) അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ആഡിറ്റ്), കേരളാ, തിരുവനന്തപുരം
4) ധനകാര്യ വകുപ്പ് (30/03/2022-ലെ ഡെവ-4/82/2017-ധന(ഇ 440570) പ്രകാരം)
5) ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
6) വിവര പൊതുജന സമ്പർക്ക വകുപ്പ് (Web & New media)
7) ഓഫീസ് കോപ്പി/ സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.